ശ്രീ. കെ. ടി. അച്യുതൻ : ആ നിലയിൽ മുന്നോട്ടുപോകുവാൻ വളരെ പ്രയാസമാണു്. ഈ സഭാമെമ്പറന്മാരുടെ ചില പ്രതിനിധികളും തൊഴിലാളി പ്രതിനിധികളുമായി ഇതേപറ്റി കൂടിയാലോചനകൾ നടത്തി. കമ്പനി ആക്റ്റനുസരിച്ചു് രജിസ്റ്റർ ചെയ്ത കാർപ്പറേഷനായിതന്നെ തുടരുന്നതായിരിക്കും നല്ലതെന്നാണു് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്രകാലം ഇതു നഷ്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ടു് ?

ശ്രീ. കെ. ടി. അച്യുതൻ: സർക്കാർ വളരെയധികം പണം മുടക്കിയിട്ടുള്ള ഇതു് നഷ്ടത്തിലാണു നടന്നിട്ടുള്ളതു്.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറുകൾ.

* 327. [15] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പുതുതായി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറുകൾ ആരംഭിക്കാനുദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) വടക്കേവയനാട്ടിൽ ഒരു സെൻറർ തുറക്കുന്ന കാര്യം പരിഗണിക്കുമോ ;

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഇല്ല.

(ബി) വടക്കേവയനാട്ടിൽ കെല്ലൂർ, വള്ളിയൂർക്കാവു എന്നീ രണ്ടു് സെൻറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്. വേറെ സെൻറുകൾ തുറക്കുവാൻ ഉദ്ദേശമില്ല.

വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ.

* 328. [16] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടത്തിപ്പോരുന്ന പരിശീലനകേന്ദ്രങ്ങൾ എത്ര ; ഉൽപാദനകേന്ദ്രങ്ങൾ എത്ര ;

(ബി) അവിടെ ഉൽപാദന വസ്തുക്കൾ എന്തെങ്കിലും വിറ്റഴിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ലാഭമാണോ നഷ്ടമാണോ ;

(ഡി) നഷ്ടമാണെങ്കിൽ ലാഭകരമായ മറ്റേതെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആകെ 99 പരിശീലന കേന്ദ്രങ്ങൾ ഉണ്ടു്. ഉൽപ്പാദനകേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല.

(ബി) ഈ പരിശീലന കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം നടത്തിവരുന്ന ട്രെയിനികൾ പരിശീലനകാലത്തു നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly